# <u>മുകുളം</u>

| | | |
|---|---|---|
| ജില്ല | : | കൊല്ലം |
| പഞ്ചായത്ത് | : | ആലപ്പാട് |
| എ.ഡി.എസ് | : | 6, ശ്രായിക്കാട് |
| അയൽക്കൂട്ടത്തിന്റെ പേര് | : | അമൃതകൃപ |
| ആകെ അംഗങ്ങൾ | : | 11 പേർ |
| ആകെ സമ്പാദ്യം | : | 48,950/- |
| അഫിലിയേഷൻ നമ്പർ | | എ.പി.494/2013 |

**അമൃതകൃപ** 2013 ജനുവരി മാസത്തിലാണ് ആരംഭിച്ചത്. തീരദേശ അയൽക്കൂട്ടമാണ്. ത്രിഫ്റ്റ് ആഴ്ചയിൽ 10 രൂപയായിരുന്നു. 4 മാസം കഴിഞ്ഞപ്പോൾ സമ്പാദ്യത്തിൽ നിന്നും 1000/- രൂപയെടുത്ത് സോപ്പുപൊടി നിർമ്മാണം ആരംഭിച്ചു. 20 കി.ഗ്രാം സോപ്പ് പൊടി ഉണ്ടാക്കി അതിൽ ആദ്യം 400 രൂപ ലാഭം കിട്ടി. സോപ്പ് പൊടി നിർമ്മാണം തുടർന്ന് പോകുന്നു. 2017 നവംബർ 5-ാം തീയതി അംഗങ്ങൾ എല്ലാവരം മറ്റൊരു സംരംഭത്തിൽ പങ്കാളികളായി കേരള സർക്കാരിന്റെ നൂതന പദ്ധതിയായ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഗവൺമെന്റ് സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകുന്ന ചുമതല ഏറ്റെടുത്തു ആലപ്പാട് പഞ്ചായത്തുമായി സഹകരിച്ചാണ് ഈ പദ്ധതി ഏറ്റെടുത്തത്. സംരഭത്തിനോട് താൽപ്പര്യമുള്ള എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. അങ്ങനെ അമൃതകൃപ അയൽക്കൂട്ടത്തിനാണ് ഈ പദ്ധതി ഏറ്റെടുക്കാൻ കഴിഞ്ഞത്. ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ ഈ ഗ്രൂപ്പിന്റേതായിരുന്നു. പഞ്ചായത്തിലുള്ള 3 ഗവൺമെന്റ് സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകണം. പണ്ടാരതുരുത്ത് എൽ.പി സ്കൂൾ , ചെറിയഴീക്കൽ എൽ.പി.സ്കൂൾ , ശ്രായിക്കാട് ഹരിജൻ വെൽഫെയർ എൽ.പി.സ്കൂൾ എന്നീ സ്കൂളുകളിലെ 434 കുട്ടികൾക്ക് ആഴ്ച്ചയിൽ 5 ദിവസം വീതം 5 മാസമായി പ്രഭാതഭക്ഷണം നൽകി വരുന്നു. 5 ദിവസം ഭക്ഷണം നൽകി കഴിയുമ്പോൾ 22,154/- രൂപ പഞ്ചായത്തിൽ നിന്നും ഗ്രൂപ്പിന് ലഭിച്ചു. **ഈ സംരംഭം തുടങ്ങാൻ അയൽക്കൂട്ടാംഗങ്ങൾ സാമ്പത്തികം കണ്ടെത്തിയത് അവരുടെ അയൽക്കൂട്ടത്തിന്റെ സമ്പാദ്യത്തിൽ നിന്നു തന്നെയാണ്.** കൂടാതെ തീരദേശ അയൽക്കൂട്ടമെന്ന നിലയ്ക്ക് ലഭിച്ച 15000/- രൂപ റിവോൾവിംഗ് ഫണ്ടും ഉണ്ടായിരു

ന്നു. ആദ്യത്തെ പ്രാവശ്യം ഭക്ഷണം നൽകി കഴിഞ്ഞപ്പോൾ ഒരാൾക്ക് 5 ദിവസേ ത്തേക്ക് 550/- രൂപയാണ് ലഭിച്ചത്. സംരംഭം ആദ്യമായി ചെയ്തതിന്റെ ചെറിയ പിഴ വുകൾ ഉണ്ടായിരുന്നു. പിന്നീട് അവർക്ക് കൃത്യത ഉറപ്പാക്കാൻ സാധിച്ചു.

പിന്നീട് ഉള്ള ആഴ്ചകളിൽ 700/-, 890/-, 900/- രൂപ വീതം വരെയും ലാഭം കിട്ടി. 5 മാസം പിന്നിടുമ്പോൾ അമൃതകൃപ അയൽക്കൂട്ടത്തിന്റെ ഒരംഗത്തിന് 19,050/- രൂപ ലാഭ വിഹിതം കിട്ടുന്നുണ്ട്. പാചകത്തിന് വേണ്ട സാധന സാമഗ്രികൾ, പാത്രങ്ങൾ എന്നിവ പലതും സ്വന്തമായി വാങ്ങാൻ സാധിച്ചു. **സ്വന്തം ആവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം അവരുടെ പഞ്ചായത്തിലെ പൊതു വിദ്യാലയത്തിന് വേണ്ടിപണ്ടാരതുരുത്ത് ഗവൺമെന്റ് എൽ.പി.സ്കൂളിലെ കുട്ടികൾക്കായി ജൈവവൈവിധ്യ പാർക്ക് നിർമ്മിച്ചു നൽകാനും അമൃതകൃപ അയൽക്കൂട്ടത്തിന് സാധിച്ചു.**



പ്രഭാത ഭക്ഷണം നൽകുന്നതിന്റെ ലാഭവിഹിതമായി ഓരോരുത്തർക്കും ലഭിച്ച തുകയിൽ നിന്നും അയൽക്കൂട്ടത്തിന്റെ തീരുമാന പ്രകാരം നിശ്ചിത തുക അവർ ഇതിനായി നീക്കി വച്ചു. സ്കൂൾ അധികൃതരുമായി സംസാരിച്ചു. 10,000/- രൂപ കോൺട്രാക്ടിലാണ് ഈ പാർക്ക് നിർമ്മാണം ആരംഭിച്ചത്. ഇതിൽ 6,000/- രൂപ സ്കൂളിന് കൈമാറി . പാർക്ക് പൂർത്തിയാകാൻ കുറച്ച് കൂടി പണി ബാക്കിയുണ്ട് . പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കിയുള്ള 4,000/- രൂപയും സ്കൂളിന് കൈമാറും . ഇതു വരെ റിവോൾവിംഗ് ഫണ്ടല്ലാതെയൊന്നും ഈ ഗ്രൂപ്പിന് ലഭിച്ചിട്ടില്ല. അവരുടെ സമ്പ



ദ്യത്തിൽ നിന്നുമാത്രമാണ് അവർ സംരംഭം ആരംഭിച്ചതും സമൂഹത്തിന് ഉപകാരപ്പെടുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ ശക്തിപ്പെടുത്തുന്ന ഈ മാതൃത ഇവർക്ക് ചെയ്യാൻ സാധിച്ചതും.

ജെൻസി ജോൺ
എം.എഫ്.ഡി.പി.എം